## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4238** **06-03-2023 - ൽ മറുപടിയ്ക്ക്**

## എം.എൽ.എ.- അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.- അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്താവുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | എം.എൽ.എ.- അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്താവുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്ന വിഷയം പരിഗണനയിലാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടു പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്ന വിഷയം പരിശോധിച്ചുകൊണ്ട് ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതികൾ, റോഡുകളിൽ ടൈലുകൾ വിരിയ്ക്കൽ, ബി.എം. &ബി.സി. നവീകരണം, കാന, ഡ്രെയിനേജ് ഇവയുടെ നിർമ്മാണം, റാമ്പുകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്കും അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എം.എൽ.എ.- അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്താവുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്ന വിഷയം പരിഗണനയിലാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടു പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്ന വിഷയം പരിശോധിച്ചുകൊണ്ട് ചർച്ചകൾ നടന്നു വരുന്നു. |
| (സി) | മണ്ഡലത്തിലെ ആവശ്യങ്ങൾ പരിഗണിച്ച് എം.എൽ.എ.മാർ സമർപ്പിക്കുന്ന വികസന ശിപാർശകളിൽ അതിന്റെ സാധ്യത മാത്രം പരിശോധിച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 ലെ സ.ഉ. (അച്ചടി) നം. 119/2018/ധന, അനുബന്ധം 1, എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 ലെ സ.ഉ. (അച്ചടി) നം.161/2017/ധന, അനുബന്ധം.1 എന്നിവയിൽ നൽകിയിരിക്കുന്ന പ്രവൃത്തികളല്ലാതെയുള്ളവ ടി പദ്ധതികളിൽ |

| | | | |
|---|---|---|---|
| | | | അനുവദനീയമല്ല. എന്നാൽ അത്തരം പ്രവൃത്തികൾ മണ്ഡലത്തിൽ അനിവാര്യമാണെന്ന് എം.എൽ.എ.യ്ക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ആയത് സർക്കാരിന്റെ പ്രത്യേകാനുമതിയ്ക്കായി സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ